(ബി) കാരുണ്യ ചികിത്സാ പദ്ധതിവഴി ലഭിക്കുന്ന അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിനും അനുവദിക്കുന്ന തുക എത്രയും വേഗം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽനിന്നും കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം 2012 ജനുവരി 1 മുതൽ 2015 മേയ് 31 വരെ എത്ര പേർക്ക് ചികിത്സാ ധനസഹായം ലഭിച്ചു ; ആർക്കൊക്കെ എന്ന വിവരം അറിയിക്കാമോ ?

ഉത്തരം

(എ) പരിശോധിക്കുന്നതാണ്.

(ബി) ജില്ലകളിൽനിന്നും ജില്ലാതല സമിതി പരിശോധിച്ച് ശിപാർശ ചെയ്യുന്ന അപേക്ഷകൾ ഓൺലൈനായി കാരുണ്യ ഹെഡ് ഓഫീസിലേക്ക് അയയ്ക്കുകയും അവ പരിശോധിച്ച് പ്രോസസ് ചെയ്ത് സംസ്ഥാനതല കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും സംസ്ഥാനതല സമിതി അംഗീകരിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ആശുപത്രികളിലേക്ക് കാലതാമസം കൂടാതെ അയയ്ക്കുകയുമാണ് ചെയ്തുവരുന്നത്.

(സി) കാരുണ്യ ചികിത്സാ പദ്ധതിപ്രകാരം ധനസഹായത്തിന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ലഭിക്കുന്ന അപേക്ഷകൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ വേർതിരിച്ച് കണക്കാക്കിയിട്ടില്ല.

ലീഗൽ സർവ്വീസസ് അതോറിറ്റികൾ

199 (544) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലീഗൽ സർവ്വീസ് അതോറിറ്റികൾ രൂപവൽക്കരിച്ചിട്ടുണ്ടോ ; പ്രസ്തുത അതോറിറ്റികളിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) അദാലത്തുകൾവഴി കേസ്സുകൾക്ക് അന്തിമതീർപ്പ് കൽപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇവയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ നടത്തിയ അദാലത്തുകൾ വഴി അന്തിമ തീർപ്പ് കൽപ്പിച്ച കേസ്സുകൾ എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും എല്ലാ താലൂക്കുകളിലും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും, ഹൈക്കോടതിയിലെ കേസ്സുകൾക്കുവേണ്ടി ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും, സംസ്ഥാന അടിസ്ഥാനത്തിൽ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും രൂപവൽക്കരിച്ചിട്ടുണ്ട്. കോടതികളിൽ നിലവിലുള്ളതും കോടതിയിൽ ഇതുവരെ ഫയൽ ചെയ്യാത്തതുമായ പരിഹരിക്കാവുന്ന എല്ലാ തർക്കങ്ങൾക്കും അദാലത്തുകൾവഴി നിയമ പിൻബലത്തോടെയുള്ള പരിഹാരം ഉണ്ടാക്കുക, അർഹരായ എല്ലാവർക്കും സൗജന്യ നിയമ സഹായം നൽകുക, വിവിധ ജനവിഭാഗങ്ങൾക്ക് നിയമബോധനം ഉണ്ടാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് അതോറിറ്റികളിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്.

(ബി) അദാലത്തിൽ ഇരുകക്ഷികളുടേയും സമ്മതപ്രകാരം ഉണ്ടാകുന്ന തീർപ്പുകൾ ലീഗൽ സർവ്വീസസ് ആക്ടിലെ സെക്ഷൻ 21 പ്രകാരം അന്തിമമായിരിക്കും. അത്തരം തീർപ്പുകൾക്കുമേൽ അപ്പീലുകൾ നിലനിൽക്കുന്നതല്ല. സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റികളും ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും അദാലത്തുകൾ സംഘടിപ്പിക്കുമ്പോൾ ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ടിലെ സെക്ഷൻ 19 പ്രകാരം ഒരു റിട്ടയേർഡ് അല്ലെങ്കിൽ സർവ്വീസിലുള്ള ന്യായാധിപൻ, ഒരു അഭിഭാഷകൻ എന്നിവർ ഉൾപ്പെട്ട ബഞ്ചാണ് ഇരുകക്ഷികളുടെയും സമ്മതത്തോടെയുള്ള തീർപ്പ് കൽപ്പിക്കുന്നത്.

(സി) ലീഗൽ സർവ്വീസസ് അതോറിറ്റികൾ/കമ്മിറ്റികൾ മുഖേന ജൂൺ 2011 മുതൽ ഫെബ്രുവരി 2015 വരെ 13496 അദാലത്തുകൾ നടത്തുകയും 268242 കേസ്സുകൾ തീർപ്പാക്കുകയും ചെയ്തു.

സർക്കാർ വകുപ്പുകളുടെ നടപടിയുമായി ബന്ധപ്പെട്ട് കോടതികളിൽ ഫയൽ ചെയ്യപ്പെട്ട കേസ്സുകൾ

200 (545) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly